**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 18.09.2025**

## പ്രധാനവാർത്തകൾ

1) സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച അടിയന്തരപ്രമേയം നിയമസഭ ചർച്ച ചെയ്യുന്നു. വന്യജീവി സംരക്ഷണം കേരള ഭേദഗതി ബിൽ, കേരള വന ഭേദഗതി ബിൽ എന്നിവ സഭയിൽ അവതരിപ്പിച്ചു.

2) സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട കേരള - യൂറോപ്യൻ യൂണിയൻ കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും.

3) ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിലെ ബാലറ്റ് പേപ്പറുകളുടെ രൂപകൽപ്പനയിൽ മാറ്റം വരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് നിർദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

4) ഭരണത്തിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് മുഖ്യമന്ത്രി എന്നോടൊപ്പം സമഗ്ര സിറ്റിസൺ കണക്ട് സെൻറർ ആരംഭിക്കാൻ മന്ത്രിസഭാ യോഗ തീരുമാനം.

5) സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത; ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6) ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് ജാവ്‌ലിൻ ത്രോയിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യയുടെ നീരജ് ചോപ്ര ഇന്നിറങ്ങും.

RNU TVPM

**********************************************************

## <u>നിയമസഭ (ഇൻട്രോ)</u>

സംസ്ഥാനത്തെ വിലക്കയറ്റം സംബന്ധിച്ച അടിയന്തരപ്രമേയം നിയമസഭ ചർച്ച ചെയ്യുന്നു. പ്രതിപക്ഷത്ത് നിന്ന്

പി.സി വിഷ്ണുനാഥാണ് അടിയന്തര പ്രമേയം അവതരിപ്പിച്ചത്.

**നിയമസഭയിൽ നിന്നും വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം.പള്ളുരുത്തി......**

(വോയിസ്)

2025 ലെ വന്യജീവി സംരക്ഷണം കേരള ഭേദഗതി ബിൽ, കേരള വന ഭേദഗതി ബിൽ എന്നിവ മന്ത്രി എ കെ ശശീന്ദ്രൻ സഭയിൽ അവതരിപ്പിച്ചു.

RNU TVPM

**********************************************************

## <u>നിയമസഭ- ചോദ്യോത്തരം</u>

ജൽ ജീവൻ മിഷനിലൂടെ സംസ്ഥാനത്ത് ഇതുവരെ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയതെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. 9 നിയമസഭാ മണ്ഡലങ്ങളിലും 117 പഞ്ചായത്തുകളിലും പദ്ധതി 100 ശതമാനം കൈവരിച്ചതായി അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തിൽ 73 ഗ്രാമങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി ഒ ആർ കേളു നിയമസഭയിൽ അറിയിച്ചു.

**********************************************************

## ഫിഷറീസ് വകുപ്പ് - കോൺക്ലേവ്

സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട രണ്ട് ദിവസത്തെ കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. കേന്ദ്ര മന്ത്രിമാരായ സർബാനന്ദ സോനോവാൾ, രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ എന്നിവർ വിശിഷ്ടാതിഥികളാവും. 17 യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

**********************************************************

## മന്ത്രിസഭാ യോഗം

ഭരണത്തിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'മുഖ്യമന്ത്രി എന്നോടൊപ്പം ' - സി എം വിത്ത് മി എന്ന പേരിൽ സമഗ്ര സിറ്റിസൺ കണക്ട് സെൻറർ ആരംഭിക്കുന്നതിന് സംസ്ഥാനമന്ത്രിസഭാ യോഗം തീരുമാനിച്ചു. ജനങ്ങൾ വികസനത്തിലെ ഗുണഭോക്താക്കൾ മാത്രമല്ല നാടിൻ്റെ ഭാവി രൂപപ്പെടുത്തുന്നതിന് സജീവ പങ്കാളികളാണ് എന്ന് ഉറപ്പാക്കുകയാണ് സംവിധാനത്തിന്റെ ലക്ഷ്യം. 2025 ലെ മലയാള ഭാഷ ബില്ലിൻറെ കരടിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

RNU TVPM

**********************************************************

## ആയുഷ് ശിൽപശാല

രണ്ട് ദിവസത്തെ ദേശീയ ആയുഷ് ശിൽപശാല കോട്ടയത്ത് ആരംഭിച്ചു. ആരോഗ്യമന്ത്രി വീണാ ജോർജ് ശിൽപശാല ഓൺലൈനായി ഉദ്ഘാടനം ചെയ്തു. 'ആയുഷ് മേഖലയിലെ ഐ.ടി സൊല്യൂഷനുകൾ' എന്നതാണ് വിഷയം. ആയുഷ് ചികിത്സാ മേഖലയെ കൂടുതൽ ജനകീയമാക്കുന്നതിന് നൂതന വിവര

സാങ്കേതികവിദ്യയുടെ ഇടപെടലുകൾ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം.

*******************************************************

## ഡ്രൈവർക്ക് സസ്പെൻഷൻ

മൂന്നാറിൽ കെഎസ്ആർടിസി റോയൽ വ്യൂ ഡബിൾ ഡെക്കർ ബസ് അപകടത്തിൽപ്പെട്ട സംഭവത്തിൽ ഡ്രൈവർക്ക് സസ്പെൻഷൻ. അശ്രദ്ധമായി വാഹനമോടിച്ച് അപകടമുണ്ടാക്കിയ ശേഷം വകുപ്പിനെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പരാതി നൽകിയെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. ഈ മാസം 12 ന് 45 യാത്രക്കാരുമായി സൈറ്റ് സീൻ സർവ്വീസിന് ശേഷം മടങ്ങുന്നതിനിടെയായിരുന്നു അപകടം.

*******************************************************

## സേവ പർവ് (ഇൻട്രോ)

കഴിഞ്ഞ 11 വർഷമായി സദ്ഭരണവും പൊതുസേവനവും മുഖമുദ്രയാക്കിയാണ് കേന്ദ്ര സർക്കാർ രാജ്യവികസനത്തിനായി പ്രവർത്തിക്കുന്നത്. ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയായ 'സേവ പർവിൽ' കാർഷികമേഖലയുടെ പരിവർത്തനത്തിനായി സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുന്നു.

(ഹോൾഡ് - വോയിസ്)

*******************************************************

## അനൗൺസ്മെൻറ്

സേവാ പർവിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ച ഇന്ന് വൈകിട്ട് 3.30 ന് പ്രക്ഷേപണം ചെയ്യും. കേന്ദ്ര സർക്കാരിന്റെ

RNU TVPM

വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള ചർച്ചയിൽ ആത്മനിർഭർ ഭാരത് സംരംഭത്തെ കുറിച്ച് സാമ്പത്തിക വിദഗ്ധ പ്രൊഫസർ മേരി ജോർജ് സംസാരിക്കും.

*******************************************************

## കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിലെ ബാലറ്റ് പേപ്പറുകളുടെ വ്യക്തതയും വായനാക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പനയിലും അച്ചടിയിലും മാറ്റങ്ങൾ നിർദ്ദേശിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇത് സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കമ്മീഷൻ കത്തയച്ചു. ബാലറ്റ് പേപ്പറിൽ ഇനിമുതൽ സ്ഥാനാർത്ഥികളുടെ ബഹുവർണ ചിത്രങ്ങളാകും നൽകുക. എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകളും നോട്ടയും ഒരേ ശൈലിയിലും വലിപ്പത്തിലുമുള്ള അക്ഷരത്തിൽ അച്ചടിക്കും.

RNU TVPM

*******************************************************

## യാത്രി സേവാ ദിവസ്

യാത്രി സേവാ ദിവസ് ആഘോഷ പരിപാടികളുടെ ഭാഗമായി ലക്ഷദ്വീപിലെ അഗത്തി വിമാനത്താവളത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ മുഖ്യാഥിതിയായി. വിമാനത്താവളത്തിൽ എത്തിയ യാത്രികരെ വരവേറ്റത് ലക്ഷദ്വീപിൻ്റെ തനത് നൃത്ത കലാ രൂപങ്ങളായ കോൽക്കളി, പരിചക്കളി, ദഫ് മുട്ട് എന്നിവയിലൂടെയാണ്.

*******************************************************

## ജി.എസ്.ടി - വസ്ത്രനിർമാണം

രാജ്യത്ത് ഈ മാസം 22 മുതൽ നടപ്പാക്കുന്ന ജി.എസ്.ടി ഘടനാ പരിഷ്കരണം വസ്ത്ര നിർമാണ മേഖലയിൽ വൻ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്രസർക്കാർ. റെഡിമെയ്ഡ് തുണിത്തരങ്ങളുടെ ജി.എസ്.ടി അഞ്ചു ശതമാനം വരെ കുറച്ചത് ഈ മേഖലയിലെ ഉത്പാദനം വർധിപ്പിക്കാൻ സഹായകമാകുമെന്നാണ് വിലയിരുത്തൽ. കൃത്രിമ ഫൈബർ തുണിത്തരങ്ങളുടെ ജി.എസ്.ടി 18 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചിട്ടുണ്ട്.

*******************************************************

## ചാമ്പ്യൻസ് ബോട്ട് ക്ലബ്ബ് ലീഗ് (ഇൻട്രോ)

ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ക്ലബ് ലീഗിന്റെ ആദ്യ മത്സരം ആലപ്പുഴ കൈനകരിയിൽ നാളെ നടക്കും. വിനോദ സഞ്ചാരികൾക്കും വള്ളംകളി പ്രേമികൾക്കുമായി ടൂറിസം വകുപ്പാണ് ജലോത്സവം ഒരുക്കിയിട്ടുള്ളത്.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ..........**

**(വോയിസ്)**

*******************************************************

## അത്ലറ്റിക്സ്

ജപ്പാനിൽ നടക്കുന്ന ലോക അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ ജാവലിൻ ത്രോ ഫൈനലിൽ ഇന്ന് ഇന്ത്യയുടെ നീരജ് ചോപ്ര മത്സരിക്കും. ഇന്ത്യൻ സമയം വൈകിട്ട് 3.50 ന് മത്സരം ആരംഭിക്കും. യോഗ്യതാ റൗണ്ടിൽ 84.85 മീറ്റർ ദൂരം

മറികടന്നാണ് നീരജ് ഫൈനലിൽ കടന്നത്. പന്ത്രണ്ട് താരങ്ങൾ കലാശപ്പോരിൽ മാറ്റുരയ്ക്കും.

*******************************************************

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 6 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. പത്തനംതിട്ട മുതൽ തൃശൂർ വരെയാണ് മഴ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്.

*******************************************************

## പ്രധാനമന്ത്രി -ചലച്ചിത്ര പ്രദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75 -ാാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി പേരൂർക്കട പി.എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ, പ്രധാനമന്ത്രിയുടെ ബാല്യകാലം പ്രമേയമാക്കി ചിത്രീകരിച്ച ചലോ ജീത്തേ ഹേ എന്ന ബയോപിക് ഷോർട്ട് ഫിലിമിൻറെ പ്രദർശനം ഇന്നലെ നടന്നു. ശക്തവും വൈകാരികവുമായ സന്ദേശമാണ് ചിത്രം പകർന്നു നൽകുന്നത്.

PNU TVPM

*******************************************************

## ശുചിത്വ യജ്ഞം- റെയിൽവേ

ദക്ഷിണ റെയിൽവേയിലെ തിരുവനന്തപുരം ഡിവിഷനിൽ സ്വച്ഛതാ ഹി സേവ - 2025 ന് തുടക്കമായി. ഒക്ടോബർ 2 വരെ രണ്ടാഴ്ച നീളുന്ന പ്രത്യേക ശുചിത്വ കാമ്പെയ്ൻ ആചരിക്കും. തിരുവനന്തപുരം സെൻട്രൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രകാർ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും സ്വച്ഛതാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തുകൊണ്ട് കാമ്പെയ്ൻ ഉദ്ഘാടനം ചെയ്തു.

************************************************************

## പുസ്തക പ്രകാശനം - പി.പ്രസാദ്

ഗാസയിലെ യുദ്ധഭീകരതയ്ക്കെതിരെ പ്രതിഷേധിക്കുന്നവരെ അധിക്ഷേപിക്കുന്ന നിലയിലേക്ക് നാം മാറരുതെന്ന് മന്ത്രി പി.പ്രസാദ്. കേരള മീഡിയ അക്കാദമിയുടെ അന്താരാഷ്ട്ര മീഡിയ ഫെസ്റ്റിവൽ സംഘാടകസമിതി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

************************************************************

## ചേറ്റൂർ ബാലകൃഷ്ണൻ മാസ്റ്റർ

മുതിർന്ന ബിജെപി നേതാവും പാർട്ടി ദേശീയ കൗൺസിൽ അംഗവുമായിരുന്ന ചേറ്റൂർ ബാലകൃഷ്ണൻ മാസ്റ്റർ കോഴിക്കോട് അന്തരിച്ചു. 80 വയസായിരുന്നു. ബിജെപി ജില്ലാ അധ്യക്ഷൻ, സംസ്ഥാന ഉപാധ്യക്ഷൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

RNU TVPM

************************************************************************************************************************

************************************************************